LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് ജീവനക്കാരുമായി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ നടപ്പാക്കാൻ നടപടി

225 [3197] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ജൂൺ, 2004 ജൂലൈയ്, 2005 മേയ് എന്നീ മാസങ്ങളിൽ പഞ്ചായത്ത് ജീവനക്കാരുമായി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ തീരുമാനവും നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; നടപടികൾ പൂർത്തിയാക്കുവാൻ വൈകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003 ജൂൺ, 2004 ജൂലൈ, 2005 മേയ് എന്നീ മാസങ്ങളിൽ പഞ്ചായത്ത് ജീവനക്കാരുമായി നടത്തിയ ചർച്ചയുടെ മിനിട്സ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) & (സി) തീരുമാനങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ സർക്കാരിന്റെ വിവിധ തലങ്ങളിൽ പരിശോധിച്ചുവരുന്നു. തീരുമാനങ്ങൾ വൈകാതെ നടപ്പിലാക്കുന്നതാണ്.

ലൈബ്രറി സെസ്സ് കൈമാറാൻ നടപടി

226 [3198] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. ടി. എൻ. പ്രതാപൻ:
„ ബി. വിജയകുമാർ:
„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രോപ്പർട്ടി ടാക്സിന്റെ എത്ര ശതമാനമാണ് ലൈബ്രറി സെസ്സ് ആയി ഈടാക്കുന്നത്;

(ബി) പ്രോപ്പർട്ടി ടാക്സ് ഈടാക്കുന്ന നഗരസഭകളും ഗ്രാമ പഞ്ചായത്തുകളും ലൈബ്രറി സെസ്സ് ലൈബ്രറി കൗൺസിലിന് കൈമാറുന്നുണ്ടോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈയിനത്തിൽ നഗരസഭകളും പഞ്ചായത്തുകളും എന്ത് തുക ലൈബ്രറി കൗൺസിലിന് നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5% (അഞ്ചു ശതമാനം)

(ബി) കൈമാറുകയാണ് പതിവ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

കോർപ്പറേഷനുകളിൽ ഖരമാലിന്യ സംസ്കരണത്തിന് പ്രത്യേക പ്രോജക്ടുകൾ

227 [3199] *ശ്രീ. പിരപ്പൻകോട് മുരളി:*
„ *എ. സി. മൊയ്തീൻ:*
.. *മത്തായി ചാക്കോ:*
„ *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിൽ ഖരമാലിന്യ സംസ്കരണത്തിന് പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ ഫലമായി കോർപ്പറേഷനുകളിലെ ഖരമാലിന്യങ്ങൾ പൂർണ്ണമായും സംസ്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സമതുലിതവും സമഗ്രവുമായ വളം ഉപയോഗം എന്ന പേരിലുള്ള പരിപാടി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഈ പരിപാടി നടപ്പാക്കിയതിന് കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ;

(എഫ്) തിരുവനന്തപുരം വിളപ്പിൽശാലയിൽ സ്ഥാപിച്ച ഖരമാലിന്യ സംസ്കരണ പ്ലാന്റിന് കേന്ദ്രത്തിൽനിന്നും ധനകാര്യപ്രോത്സാഹനമായി ലഭിച്ച തുകയിൽ എന്തു തുക നൽകി;

LIBRARY ARCHIVES Kerala Legislative Assembly